## കേരള സർക്കാർ

### സംഗ്രഹം

ട്രഷറി ഇടപാടുകളിൽ ക്രമീകരണം ഏർപ്പെടുത്തുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

================================================================

### ധനകാര്യ (രഹസ്യ) വകുപ്പ്

സ.ഉ.(പി) നം.147/2017/ധന. തീയതി, തിരുവനന്തപുരം, 16/11/2017.

================================================================

### ഉത്തരവ്

പൂർത്തിയാകാത്ത പ്രവൃത്തികൾക്കും പർച്ചേസുകൾക്കും സാമ്പത്തിക അച്ചടക്കവും ചിട്ടകളും അനുശാസിക്കുന്ന ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാർ വകുപ്പുകളും സർക്കാരിനു കീഴിലുള്ള വിവിധ സ്വയം ഭരണ സ്ഥാപനങ്ങൾ/പൊതുമേഖലാസ്ഥാപനങ്ങൾ/ ബോർഡുകൾ/കോർപ്പറേഷനുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ മുതലായവ തുകകൾ പിൻവലിച്ച് വിവിധ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ട്രഷറിയിൽ സംയോജിത ധന മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ്) നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ട്രഷറി ഇടപാടുകൾ ക്രമീകരിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പണം കൈമാറുന്നതിനുള്ള സൗകര്യം ട്രഷറികളിൽ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ വകുപ്പ്/സ്വയംഭരണ സ്ഥാപനം/ബോർഡ്/ കോർപ്പറേഷൻ/ തദ്ദേശസ്വയംഭരണ സ്ഥാപനം/ പൊതുമേഖലാ സ്ഥാപനം/ യൂണിവേഴ്സിറ്റി എന്നിവയുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ബില്ലുകൾ/ചെക്കുകൾ മുഖാന്തിരം കേന്ദ്രാവിഷ്കൃത പദ്ധതികളിലടക്കം പദ്ധതി വിഹിതം മാറി നൽകുന്നതല്ല. പകരം ഗുണഭോക്താവിന്റെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് തുക കൈമാറ്റം ചെയ്യേണ്ടതാണ്. വകുപ്പ്/സ്ഥാപനത്തിലെ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ പ്രസ്തുത ഫണ്ട് കൈമാറ്റം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ബില്ലിനോടൊപ്പം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണ്. ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ ഇല്ലാത്ത ഓഫീസുകളിൽ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരാണ് മേൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടത്. ട്രഷറി ഓഫീസർമാർ ബില്ലുകൾ പാസ്സാക്കുന്നതിനുമുമ്പായി നിർദ്ദിഷ്ട സാക്ഷ്യപത്രം പരിശോധിച്ച് ആയത് ഉറപ്പ് വരുത്തേണ്ടതാണ്.

(ii) വിവിധ വകുപ്പ്/സ്വയംഭരണ സ്ഥാപനം/ബോർഡ്/കോർപ്പറേഷൻ/ തദ്ദേശസ്വയംഭരണ സ്ഥാപനം/ പൊതുമേഖലാ സ്ഥാപനം/ യൂണിവേഴ്സിറ്റി മുതലായവ ട്രഷറികളിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽനിന്നും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരവും വകുപ്പ്/ഓഫീസ് മേധാവിയുടെ നടപടിക്രമവും റ്റി.എസ്.ബി ചെക്കിനോടൊപ്പം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട രേഖകളുടെ സൂക്ഷ്മപരിശോധന കൂടാതെ ട്രഷറി ഓഫീസർമാർ ചെക്കുകൾ ക്ലിയർ ചെയ്യുവാൻ പാടില്ല.

(iii) കേന്ദ്രാവിഷ്കൃതപദ്ധതികളുടെ കാര്യത്തിൽ കേന്ദ്ര വിഹിതം ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാനവിഹിതം അനുവദിക്കുവാൻ പാടുള്ളൂ. റീ-ഇമ്പേഴ്സ്മെന്റ് അടിസ്ഥാനത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മുൻവർഷങ്ങളിൽ നിർദ്ദിഷ്ട പദ്ധതിയ്ക്ക് ലഭിക്കേണ്ട കേന്ദ്രവിഹിതം ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് തനതുവർഷത്തെ ഫണ്ട് വിതരണം വകുപ്പുകൾ നടത്തേണ്ടത്.

ഇക്കാര്യം വ്യക്തമാക്കി ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ ബില്ലിനോടൊപ്പം സാക്ഷ്യപത്രം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണ്

(iv) പൊതുമരാമത്ത് വകുപ്പ് / സംസ്ഥാന വൈദ്യുതി ബോർഡ് /ജല അതോറിറ്റി മുഖേനയല്ലാതെ അംഗീകൃത ഏജൻസികൾ മുഖാന്തിരം വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ തുക, നിലവിലുള്ള മറ്റ് നിബന്ധനകൾക്ക് വിധേയമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാത്രമേ നിക്ഷേപം നടത്തുവാൻ അനുവദിക്കുകയുള്ളൂ. മുൻ ഖണ്ഡിക (ii) ലെ നിബന്ധന ഡെപ്പോസിറ്റ് വർക്കുകൾക്കായി ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടുകൾക്കും ബാധകമായിരിക്കുന്നതാണ്.

2. മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് വകുപ്പ്/സ്ഥാപന മേധാവികൾ/ട്രഷറി ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള / കൊച്ചിൻ / കാലിക്കറ്റ് / മഹാത്മ ഗാന്ധി / കണ്ണൂർ സർവ്വകലാശാല /
കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.
എല്ലാ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതിവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ സർക്കാർ കമ്പനികൾ / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയുടെ മനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർ
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ